പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1188 02-05-2017-ലെ മറുപടിയ്ക്ക്

**ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിലവാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോ എബ്രഹാം** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിറ്റഴിക്കുന്ന പല ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിലവാരം സംബന്ധിച്ച് പരാതികളുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ജൈവകൃഷി വർദ്ധിച്ച സാഹചര്യത്തിൽ ജൈവളങ്ങളുടെയും കീടനാശിനികളുടെയും ആവശ്യകതയും ഉപയോഗവും വൻതോതിൽ ഉയർന്നിട്ടുണ്ട്. ഇതുമൂലം നിരവധി ജൈവ ഉൽപന്നങ്ങൾ വിപണിയിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. എന്നാൽ ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്റ്റിസൈഡ്സ് ആക്റ്റ് 1968 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിലവാര നിർണ്ണയത്തിന് മാത്രമാണ് നിലവിൽ സംവിധാനമുള്ളത്. ഇത്തരത്തിൽ വിറ്റഴിക്കപ്പെടുന്ന അംഗീകൃത ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഗുണമേന്മയിൽ കാര്യമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജൈവവളം, ജൈവ കീടനാശിനി എന്നിവയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്താനാവശ്യമായ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള സംവിധാനം എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | രാസവളങ്ങളുടെയും, കീടനാശിനികളുടെയും ഗുണനിലവാര നിയന്ത്രണത്തിന് കൃഷി വകുപ്പിന് കീഴിൽ ഗുണനിലവാര പരിശോധനാശാലകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ പാറോട്ടുകോണത്തും, പാലക്കാട് ജില്ലയിൽ പട്ടാമ്പിയിലും ഓരോ രാസവള ഗുണപരിശോധനശാലകളും, തിരുവനന്തപുരം പാറോട്ടുകോണത്ത് ഒരു കീടനാശിനി പരിശോധനശാലയുമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ജൈവളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ലബോറട്ടറി സൗകര്യം സംസ്ഥാനത്ത് നിലവിലില്ലാതിരുന്നതിനാൽ |

കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തെയാണ് നാളിതുവരെ സംസ്ഥാന കൃഷി വകുപ്പ് ആശ്രയിച്ചു വന്നിരുന്നത്. ഇക്കാരണത്താൽ ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും പരിമിതമായ സാമ്പിളുകൾ മാത്രമാണ് പ്രതിവർഷം ഗുണനിലവാര പരിശോധന നടത്തുന്നതിന് സാധ്യമായിരുന്നത്. മാത്രവുമല്ല, ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്ടിസൈഡ്സ് ആക്റ്റ് 1968 എന്നിവ പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും പരിശോധന മാത്രമാണ് ഇപ്പോൾ സാധ്യമായിട്ടുള്ളത്.

ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985-ന്റെയും, ഇൻസെക്ടിസൈഡ്സ് ആക്റ്റ് 1968-ന്റെയും അംഗീകാരം നേടിയിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്ത് കാര്യമായി വിതരണം ചെയ്യപ്പെടുന്നതുമായ ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഗുണനിലവാര നിയന്ത്രണത്തിന് കൃഷി വകുപ്പ് ഇപ്പോൾ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**(സി)** വ്യാജ വളങ്ങളും കീടനാശിനികളും വിതരണം ചെയ്യുന്ന കമ്പനികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ?

**(സി)** ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്ടിസൈഡ്സ് ആക്റ്റ് 1968 എന്നിവ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വളങ്ങളുടെയും കീടനാശിനികളുടെയും അനധികൃത വിൽപ്പന/വിതരണം, മായം ചേർക്കൽ, ഗുണനിലവാരമില്ലായ്മ തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് അവയുടെ ഉല്പാദകർക്കെതിരെ ചട്ടപ്രകാരമുള്ള ശിക്ഷണനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.നിരോധിച്ച കീടനാശിനികൾ വിൽപ്പന തടയുന്നതിനായി കൃഷിവകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തിവരുന്നുണ്ട്. കീടനാശിനികളുടെ അനധികൃത വിപണനം തടയുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം ശക്തി ആക്കിവരുന്നു.

സെക്ഷൻ ഓഫീസർ